**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം നഗരസഭ - ശ്രീമതി.ഇന്ദിരാദേവിക്ക് 2018 സെപ്റ്റംബറിൽ സ്പെയിനിൽ വച്ച് സംഘടിപ്പിച്ചിട്ടുള്ള ലോക മാസ്റ്റേഴ്സ് അത്ലറ്റിക് മീറ്റിൽ പങ്കെടുക്കുന്നതിനുള്ള ചെലവിനത്തിൽ നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2469/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 22/09/2018

പരാമർശം:- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 17/07/2018 ലെ C10/MS/2554/18 നമ്പർ കത്ത്.
2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 13/08/2018 ലെ C10/MS/2554/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരവാസിയും, സിറ്റി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചറായി വിരമിച്ച ശ്രീമതി.ഇന്ദിരാദേവിക്ക് 2018 സെപ്റ്റംബർ 2 മുതൽ 18 വരെ സ്പെയിനിൽ വച്ച് നടക്കുന്ന ലോക മാസ്റ്റേഴ്സ് അത്ലറ്റിക് മീറ്റിൽ പങ്കെടുക്കുന്നതിന് സെലക്ഷൻ ലഭിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്ക് 1,88,594/- രൂപ ചെലവ് വരുമെന്നും ടി തുക തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നും പരാമർശ കത്തുകൾ പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 സെപ്റ്റംബർ 2 മുതൽ 18 വരെ സ്പെയിനിൽ വച്ച് നടന്ന ലോക മാസ്റ്റേഴ്സ് അത്ലറ്റിക്സ് മീറ്റിൽ പങ്കെടുത്തതിന്റെ ചെലവിലേയ്ക്കായി തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 1,88,594/- (ഒരു ലക്ഷത്തി എൺപത്തിയെട്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല്) രൂപ ശ്രീമതി.ഇന്ദിരാദേവിക്ക് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ,
ശ്രീമതി.ഇന്ദിരാദേവി (പകർപ്പ് സെക്രട്ടറി, തിരുവനന്തപുരം നഗരസഭ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.